## കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നമ്പർ - F5-11903/19

തീയതി-19 /04/2021

## സർക്കുലർ നമ്പർ:-02 /2021-22

വിഷയം: കേരളത്തിലെ കോവിഡ് -19 മായി ബന്ധപ്പെട്ട സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: ബഹു: ചീഫ് എക്സിക്യൂട്ടീവിന്റെ നിർദ്ദേശങ്ങൾ

കോവിഡ് -19 മഹാമാരി നിയന്ത്രണാതീതമായി വ്യാപിക്കുന്ന സാഹചര്യത്തിൽ , താഴെ പറയുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തൊഴിലാളികൾ സാധാരണ സാഹചര്യങ്ങളിലെപ്പോലെ ഓഫീസിനകത്ത് പ്രവേശിക്കുവാൻ അനുവദിക്കാതിരിക്കുക. സാമൂഹിക അകലം പാലിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. വർക്ക് കാർഡുകൾ നേരിട്ട് കൈയ്യിൽ വാങ്ങാതെ ആയത് നിക്ഷേപിക്കുവാൻ ബാസ്കറ്റുകൾ വാതിക്കൽ തന്നെ വയ്ക്കേണ്ടതാണ്. ആയവ സാനിറ്റൈസ് ചെയ്ത ശേഷം മാത്രം കൈകാര്യം ചെയ്യുക.
2. വർക്ക് കാർഡുകൾ / ക്യാഷ് കൈകാര്യം ചെയ്യുന്ന ജീവനക്കാർ കൈയ്യുറകൾ ധരിക്കേണ്ടതും യഥാസമയം സാനിറ്റൈസർ /സോപ്പ് ഉപയോഗിച്ച് കൈകൾ വൃത്തിയാക്കേണ്ടതുമാണ്.
3. ജീവനക്കാർ മുഴുവൻ സമയവും മാസ്ക്ക് ധരിക്കേണ്ടതാണ്.
4. സാനിറ്റൈസറും മറ്റും വാങ്ങുന്നതിന് കോവിഡുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള ബോർഡ് സർക്കുലർ കൃത്യമായി പാലിക്കേണ്ടതുമാണ്.

ഈ സർക്കുലർ ജില്ലാ കമ്മിറ്റികൾ സബ് ഓഫീസുകളിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

സ്വീകർത്താവ്,

1.എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർ,
2.കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്